**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2995** **14-02-2024 - ൽ മറുപടിയ്ക്ക്**

**മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ഡോ. എം. കെ. മുനീർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവികൾ നാട്ടിലിറങ്ങി കാർഷികോത്പന്നങ്ങൾ നശിപ്പിക്കുന്നത് തടയാൻ അവയ്ക്ക് ഇഷ്ടപ്പെട്ട ഫലവൃക്ഷങ്ങൾ കാട്ടിൽ വച്ച് പിടിപ്പിക്കണം എന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ; | (എ) | വന്യജീവികൾ നാട്ടിലിറങ്ങി കാർഷിക വിളകൾ നശിപ്പിക്കുന്നത് തടയുന്നതിനായി ഇക്കോറെസ്റ്റോറേഷന്റെ ഭാഗമായി വനത്തിനുള്ളിൽ നിന്നും അക്കേഷ്യ, യൂക്കാലിപ്റ്റസ് മുതലായ വിദേശ ഇനം വൃക്ഷത്തോട്ടങ്ങൾ ഘട്ടംഘട്ടമായി മുറിച്ച് മാറ്റി പകരം തദ്ദേശീയമായ കാട്ടുമാവ്, നെല്ലി, പ്ലാവ് ഉൾപ്പെടെയുള്ള ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് വന്യജീവികൾക്ക് വനത്തിനുള്ളിൽ തന്നെ ഭക്ഷ്യലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.വനത്തിനുള്ളിലുള്ള പുഴയോരങ്ങളിൽ വനസംരക്ഷണ സമിതികൾ മുഖേന മുളകൾ വച്ച്പിടിപ്പിക്കുന്നതിനും, ഫലവൃക്ഷങ്ങൾ വച്ച്പിടിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | വേനൽകാലത്ത് കാട്ടിനുള്ളിൽ ജലലഭ്യത ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയുവാനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനുമായി വേനൽക്കാലങ്ങളിൽ മണൽചാക്ക്, ബ്രഷ്വുഡ് തുടങ്ങിയവ ഉപയോഗിച്ച് താൽക്കാലിക തടയണകൾ നിർമ്മിച്ചുവരുന്നുണ്ട്.നിലവിലുള്ള ചെക്ക്ഡാമുകൾ, കുളങ്ങൾ എന്നിവയിലെ ചെളി, മണ്ണ് എന്നിവ നീക്കം ചെയ്ത് ഉപയോഗ യോഗ്യമാക്കി ജലസ്രോതസ്സുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുകയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തടയണകൾ നിർമ്മിച്ചുവരുന്നുമുണ്ട്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് കൂടുതൽ പരിസ്ഥിതി സൗഹൃദ തടയണകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. തണ്ണീർ തടങ്ങളുടെ പരിപാലനവും നടപ്പാക്കി വരുന്നുണ്ട്. |
| (സി) | കാടുകളിൽ നിന്നും വിദേശയിനം വൃക്ഷങ്ങളെ നീക്കം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | കാടുകളിൽ നിന്നും വിദേശ ഇനം വൃക്ഷങ്ങൾ ഘട്ടംഘട്ടമായി നീക്കം ചെയ്ത് വരുന്നു. കാടുകളിൽ |

| | | | |
|---|---|---|---|
| | | | നിന്നും വിദേശ ഇനം വൃക്ഷങ്ങളെ നീക്കം ചെയ്തു സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച് വനം വകുപ്പ് നയരേഖ സർക്കാർ ഉത്തരവ് G.O(MS)29/2021/വനം തീയതി 17.12.2021 പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത നയരേഖയിൽ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ വിദേശ ഇനം സസ്യ ഏകവിള തോട്ടങ്ങൾ നമ്മുടെ പരിസ്ഥിതിക്ക് ദോഷകരമാണെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത നയരേഖ പ്രകാരം വനഭൂമിയിലെ അക്കേഷ്യ, യൂക്കാലിപ്റ്റസ് തുടങ്ങിയ മരങ്ങൾ വർക്കിംഗ് പ്ലാനിനു വിധേയമായി ഘട്ടംഘട്ടമായി സ്വാഭാവിക വനങ്ങളായി മാറ്റുന്നതിനുള്ള ഇക്കോ റെസ്റ്റോറേഷൻ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി പ്രകാരം പ്രക്ഷീണ വനങ്ങളിൽ വൃക്ഷ തൈകൾ വച്ചു പിടിപ്പിച്ച് വൃക്ഷാവരണം വർധിപ്പിക്കുന്ന പദ്ധതിയിൽ ഫല വൃക്ഷങ്ങൾ തെരെഞ്ഞെടുക്കപ്പെട്ട വനഭാഗങ്ങളിൽ വച്ച് പിടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ